(ബി) പ്രസ്തുത ഫണ്ട് വിനിയോഗത്തിന്റെ നാളിതുവരെയുള്ള പുരോഗതി വെളിപ്പെടുത്തുമോ ;

(സി) എന്തെല്ലാം വികസനപ്രവർത്തനങ്ങൾക്കുവേണ്ടിയാണ് പ്രസ്തുത ഫണ്ട് വിനിയോഗിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലയളവിൽ 2011-12-ൽ 121.73 കോടി രൂപയും 2012-13 ൽ 246.98 കോടി രൂപയും 2013-14-ൽ 246.78 കോടി രൂപയും സംസ്ഥാനത്തെ പഞ്ചായത്തുകൾക്ക് ലോകബാങ്ക് സർക്കാർ മുഖേന നൽകിയിട്ടുണ്ട്.

(ബി) 2011-12-ൽ 68%, 2012-13-ൽ 59%, 2013-14-ൽ 66%-വും പ്രസ്തുത ഫണ്ട് സംസ്ഥാനത്തിലെ പഞ്ചായത്തുകൾ വിനിയോഗിച്ചിട്ടുണ്ട്.

(സി) പഞ്ചായത്തുകളിലെ പദ്ധതി നിർവ്വഹണത്തിലെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനുതകുന്ന തരത്തിൽ മൂലധന ആസ്തികൾ സൃഷ്ടിക്കുന്നതിനും പരിപാലിക്കുന്നതിനുമുള്ള വികസന പ്രവർത്തനങ്ങൾ നടത്തുന്നതിലേക്കാണ് പ്രസ്തുത ഫണ്ട് വിനിയോഗിച്ചുവരുന്നത്.

ഇ.എം.എസ്. ഭവന പദ്ധതി

214 (3191) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇ.എം.എസ്. ഭവനപദ്ധതിക്കായി വായ്പയെടുത്ത തുക യഥാസമയം തിരിച്ചടക്കാത്ത പഞ്ചായത്തുകൾക്ക് പുതിയ ഭവനപദ്ധതിക്ക് വീണ്ടും ലോൺ എടുക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ ;

(ബി) സഹകരണ ബാങ്കുകളിൽ നിന്ന് എടുത്ത കടം തിരിച്ചടക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ സഹകരണ ബാങ്കുകൾക്ക് നൽകാനുള്ള പണം പ്ലാൻ ഫണ്ടിൽ നിന്ന് നല്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(ഡി) കോഴിക്കോട് ജില്ലയിൽ യഥാസമയം ലോൺ തിരിച്ചടക്കാത്ത എത്ര പഞ്ചായത്തുകളുണ്ടെന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി&സി) 7-12-2011-ലെ സ.ഉ.(എംഎസ്.) നമ്പർ 306/2011/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം വായ്പയെടുത്ത തുക അതാത് തദ്ദേശ ഭരണ സ്ഥാപനങ്ങൾ തന്നെ ഓരോ വർഷവും ഒക്ടോബർ 31-നകം ബന്ധപ്പെട്ട ബാങ്കിന് നൽകാൻ ഉത്തരവായിട്ടുണ്ട്.

(ഡി) കോഴിക്കോട് ജില്ലയിലെ എല്ലാ ഗ്രാമപഞ്ചായത്തുകളും ഇ.എം.എസ്. ഭവന പദ്ധതി വായ്പാ തിരിച്ചടവ് നടത്തുന്നുണ്ട്.

കെ.എൽ.ജി.എസ്.ഡി.പി.

215 (T* 3192) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡെലിവറി പ്രോജക്ട് പ്രകാരം ഏതെല്ലാം ഗ്രാമപഞ്ചായത്തുകൾക്ക് ധനസഹായം നൽകിയിട്ടുണ്ട് ;

(ബി) ഓരോ പഞ്ചായത്തിനും എത്ര വീതം തുകയാണ് നൽകിയിട്ടുള്ളത് ; തുക ഏതെല്ലാം സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനാണ് അനുവദിച്ചിട്ടുള്ളത് ;

(സി) കോഴിക്കോട് ജില്ലയിൽ ഏതെല്ലാം പഞ്ചായത്തുകളാണ് ധനസഹായം അനുവദിക്കുന്നതിനായി പരിഗണിച്ചിട്ടുള്ളത് ?

ഉത്തരം

(എ) കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡെലിവറി പ്രോജക്ട് പ്രകാരം 2014-15-ൽ സംസ്ഥാനത്തെ 848 ഗ്രാമപഞ്ചായത്തുകൾ ധനസഹായത്തിന് അർഹത നേടിയിട്ടുണ്ട്. ധനസഹായം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. ഗ്രാമപഞ്ചായത്തുകളുടെ പേര് അനുബന്ധമായി ചേർക്കുന്നു.*

(ബി) ഗ്രാമപഞ്ചായത്തുകൾക്കുള്ള 2014-15-ലെ പെർഫോമൻസ് ഗ്രാന്റിലെ ലോകബാങ്ക് വിഹിതം 206.22 കോടി രൂപയാണ്. ടി തുക ഉടനെ തന്നെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്യുന്നതാണ്. ഓരോ പഞ്ചായത്തിനുമുള്ള വിഹിതം സംസ്ഥാന ധനകാര്യ കമ്മീഷനാണ് തീരുമാനിക്കേണ്ടത്. ടി പ്രക്രിയ

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly